## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.844** **30.11.2018-ൽ മറുപടിയ്ക്ക്**

## മണ്ണന്തല സിവിൽ സർവ്വീസസ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ മണ്ണന്തല അംബേദ്കർ ഭവനിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക മാത്രമായി സിവിൽ സർവ്വീസസ് പരിശീലനം നൽകി വന്നിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയിട്ടുണ്ടോ; ടി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല ;<br>ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) യിൽ 2017-18 വരെ സിവിൽ സർവ്വീസ് പരിശീലന പരിപാടി സ്ഥാപനം നേരിട്ട് നടത്തിയിരുന്നു.<br>എന്നാൽ, മികച്ച പരിശീലനം നല്കി, കേന്ദ്ര സിവിൽ സർവ്വീസ് തസ്തികകളിൽ കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനായി, 2018-19 മുതൽ സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരിശീലനം നല്കുന്നതിൽ മുൻപന്തിയിൽ നില്ക്കുന്നതും സർക്കാരിന്റെ തന്നെ സംരംഭവുമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാഡമി മുഖേനയാണ് പരിശീലനം നല്കി വരുന്നത്. മുൻപ് പ്രതിവർഷം നാമമാത്രമായി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് ട്രെയിനിംഗ് നൽകുന്ന രീതിയ്ക്ക് പകരമായി ഈ വർഷം 300 കുട്ടികൾക്ക് ട്രെയിനിംഗ് നൽകാനുള്ള പദ്ധതിയാണ് സിവിൽ സർവ്വീസ് അക്കാദമി വഴി നടപ്പിലാക്കുന്നത്.<br>ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) യുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല. |
| (ബി) | ഇൻസ്റ്റിറ്റ്യൂട്ടിലെ ക്ലാസ് റൂമുകളും മറ്റ് സൗകര്യങ്ങളും സർക്കാർ ഇതര ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | പട്ടികജാതി വികസന വകുപ്പിന്റെ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ടി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഈ വിഭാഗത്തിന് മാത്രമായി ഉപയോഗിക്കാവുന്ന രീതിയിൽ ആക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ; | (സി) | ICSETS കെട്ടിടത്തിലെ എല്ലാ സൗകര്യങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉപയോഗിക്കാവുന്ന സാഹചര്യമാണ് നിലവിലുള്ളത്. |
| (ഡി) | ടി വിഭാഗക്കാർക്ക് മാത്രമായി ഇവിടെ പ്രവർത്തിച്ചു വന്ന പരിശീലന കേന്ദ്രം പഴയ പടി തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട എസ്.സി/എസ്.ടി. വകുപ്പിന്റെ മുൻ ഡയറക്ടറായിരുന്ന സി.സി. കുഞ്ഞൻ സെക്രട്ടേറിയറ്റ് നടയിൽ നടത്തി വരുന്ന അനിശ്ചിതകാല സത്യാഗ്രഹം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. കൂടുതൽ കുട്ടികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ ട്രെയിനിംഗ് നൽകുന്നതിനുള്ള ബൃഹത്തായ പദ്ധതിയ്ക്ക് സർക്കാർ ഏജൻസിയായ സിവിൽ സർവ്വീസ് അക്കാദമി വഴി രൂപം കൊടുത്ത സാഹചര്യത്തിൽ പഴയ പോലെ നാമമാത്രമായി ട്രെയിനിംഗ് നൽകുന്ന രീതി അവലംബിക്കാൻ കഴിയുകയില്ല. |

**സെക്ഷൻ ഓഫീസർ**